**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 5** **22-02-2022 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ദേശീയ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികളുണ്ടാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. ഇന്ത്യയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയിൽ അടിക്കടി ഉണ്ടാകുന്ന വർദ്ധനവ് മൂലവും ചരക്കുകൂലിയിൽ ഉണ്ടാകുന്ന വർദ്ധനവ് മൂലവും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിൽ ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 40 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നത്. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. |
| (ബി) | വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വിപണി ഇടപെടൽ ശക്തിപ്പെടുത്തുന്നതിന് | (ബി) | ഉണ്ട്. വിപണിയിടപെടലിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ |

| | | | |
|---|---|---|---|
| | സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | സംസ്ഥാനത്തുടനീളമുള്ള 1506 സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. 2016 ലെ വിലയേക്കാൾ 13 രൂപ മല്ലിയ്ക്ക് കുറച്ചിട്ടുമുണ്ട്. പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലാണ് സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നത്. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റ് വരുന്നു. ഇപ്രകാരം അവശ്യ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുതിലൂടെ കഴിഞ്ഞ ആറു വർഷങ്ങളിലായി ഏകദേശം 1,853.91 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്തായി ഒരു വർഷത്തോളം എല്ലാ റേഷൻകാർഡുടമകൾക്കുമായി 11.5കോടി സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉത്സവ സീസണുകളിൽ പൊതുജനങ്ങൾക്ക് പൊതുവിപണിയെക്കാൾ വിലക്കുറവിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി ഫെയറുകളും മാർക്കറ്റുകളും സംഘടിപ്പിക്കാറുണ്ട്. വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി അവശ്യവസ്തുക്കളുടെ വില ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി Price Monitoring Cell സംസ്ഥാനതലത്തിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | വിലക്കയറ്റം പ്രതിരോധിക്കാനുള്ള വിപണി ഇടപെടലുകളുടെ ഭാഗമായി സപ്ലൈകോയുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവ വഴി സപ്ലൈകോയുടെ ഓൺലൈൻ ഡെലിവറി സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം മാർച്ച് മാസത്തോടെ സപ്ലൈകോയുടെ എല്ലാ സൂപ്പർമാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർമാർക്കറ്റ് എന്നിവ കേന്ദ്രീകരിച്ച് ഓൺലൈൻ ഡെലിവറി സാധ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ ഉപഭോക്താക്കൾക്ക് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന മാവേലി വിൽപ്പനശാലകൾ സംബന്ധിച്ച വിവരം നൽകുന്ന 'Trace Supplyco', |

| | | | |
|---|---|---|---|
| | | | മാവേലി വിൽപ്പനശാലകളുടെ സേവനം സംബന്ധിച്ച പോരായ്മകൾ സപ്ലൈകോ അധികാരികളെ അറിയിക്കുന്നതിന് 'Feedback Supplyco' എന്നീ മൊബൈൽ ആപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്. പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുവിപണിയിലുണ്ടാകുന്ന വില വർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാതലത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്തമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്. അവശ്യസാധന നിയമം-1955 നെ അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഒരു വെബ് സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട് (https: fcainfoweb.nic.in/ECRE/). കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനാവശ്യമായ കർശന പരിശോധനകൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരും നടത്തുകയും ലഭ്യമാകുന്ന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ മാസത്തിലൊരിക്കൽ വകുപ്പുമന്ത്രിയെ ഉപഭോക്താക്കൾക്ക് നേരിട്ടു വിളിച്ച് പരാതികൾ അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്. |
| (ഡി) | അവശ്യവസ്തുക്കളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാനും പൊതുവിതരണ രംഗവുമായി ബന്ധപ്പെട്ട് കൂടുതൽ ഓൺലൈൻ സേവനങ്ങൾ നൽകാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാർ, ഹൈപ്പർ മാർക്കറ്റ് എന്നിവ വഴി സപ്ലൈകോയുടെ ഓൺലൈൻ ഡെലിവറി സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം മാർച്ച് മാസത്തോടെ സപ്ലൈകോയുടെ എല്ലാ സൂപ്പർമാർക്കറ്റ്, പീപ്പിൾസ് ബാസാർ, ഹൈപ്പർമാർക്കറ്റ് എന്നിവ കേന്ദ്രീകരിച്ച് ഓൺലൈൻ ഡെലിവറി സാധ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ ഉപഭോക്താക്കൾക്ക് ഏറ്റവും അടുത്ത് സ്ഥിതിചെയ്യുന്ന മാവേലി വിൽപ്പനശാലകൾ സംബന്ധിച്ച വിവരം നൽകുന്ന 'Trace Supplyco', മാവേലി വിൽപ്പനശാലകളുടെ സേവനം സംബന്ധിച്ച പോരായ്മകൾ സപ്ലൈകോ അധികാരികളെ അറിയിക്കുന്നതിന് 'Feedback Supplyco' എന്നീ മൊബൈൽ ആപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്. പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം വകുപ്പുതലത്തിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. പൊതുവിപണിയിലുണ്ടാകുന്ന വില വർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാതലത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്തമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്. അവശ്യസാധന നിയമം-1955 നെ അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഒരു വെബ് സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട് (https: fcainfoweb.nic.in/ECRE/). കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനാവശ്യമായ കർശന പരിശോധനകൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരും നടത്തുകയും ലഭ്യമാകുന്ന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ മാസത്തിലൊരിക്കൽ വകുപ്പുമന്ത്രിയെ ഉപഭോക്താക്കൾക്ക് നേരിട്ടു വിളിച്ച് പരാതികൾ അറിയിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ